ഗണിതം

ഭാഗം 2

സ്റ്റാൻഡേർഡ് I

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

I

ഗണിതം

Prepared by

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2024
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നമുക്കു ചുറ്റുമുള്ള കാര്യങ്ങൾ കൃത്യമായി അറിയാനും മനസ്സിലാക്കാനും ഗണിതം ആവശ്യമാണ്.

എണ്ണലും കൂട്ടലും കുറയ്ക്കലും വരയ്ക്കലും അളക്കലും ഒക്കെ ചേർന്നതാണ് ഗണിതം. സംഖ്യകളും രൂപങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ചാണ് ഇവ ചെയ്യുന്നത്. ശരിയായി ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കാനും പറയാനുമുള്ള കഴിവ് ഗണിതത്തിലൂടെ ലഭിക്കുന്നു.

കൂട്ടായി പ്രവർത്തനങ്ങൾ ചെയ്തും കണ്ടും കേട്ടും ചിന്തിച്ചും അഭിപ്രായങ്ങൾ പറഞ്ഞും നമുക്ക് ഗണിതം രസകരമായി പഠിച്ചു തുടങ്ങാം.

കളികളിൽ ഏർപ്പെട്ടും, കഥകൾ പറഞ്ഞും, പാട്ടു പാടിയും, വർണ്ണചിത്രങ്ങൾ വരച്ചും, നിറം കൊടുത്തും, വഴികൾ കണ്ടെത്തിയും ഗണിതവുമായി നമുക്കു കൂട്ടുകൂടാം.

സ്നേഹത്തോടെ,

ഡോ. ജയപ്രകാശ്. ആർ.കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

പാഠപുസ്തകരചനാസമിതി

അഡ്വൈസർ

ഡോ. ഇ. കൃഷ്ണൻ
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

ചെയർപേഴ്സൺ

ഡോ. നാരായണനുണ്ണി എം.പി.
സീനിയർ ലക്ചറർ (റിട്ട.), ഡയറ്റ്, മലപ്പുറം

വിദഗ്ധർ

ജയദേവൻ എസ്.കെ.
സീനിയർ ലക്ചറർ,
ഡയറ്റ്, കണ്ണൂർ

ടി. സുരേഷ്
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, കാസറഗോഡ്

അംഗങ്ങൾ

കെ.കെ. സുരേഷ്ബാബു
റിട്ട. അധ്യാപകൻ,
പാലയാട് സെൻട്രൽ
ജെ.ബി. സ്കൂൾ, പാലയാട്, കണ്ണൂർ

സജീവൻ സി.വി.
എൽ.പി.എസ്.എ.
എ.എൽ.പി. സ്കൂൾ, കാരിയിൽ,
ചെറുവത്തൂർ, കാസറഗോഡ്

സൗദാമിനി കെ.വി.
പ്രധാനാധ്യാപിക,
ജി.എൽ.പി. സ്കൂൾ,
മൈത്താണി, ചെറുവത്തൂർ,
കാസറഗോഡ്

വിനയചന്ദ്രൻ കെ.
എൽ.പി.എസ്.എ.,
ഇസ്സത്തുൽ ഇസ്ലാം എ.എൽ.പി.എസ്.
ചന്തേര, കാസറഗോഡ്

രാജൻ അപ്യാൽ
പ്രധാനാധ്യാപകൻ,
ജി.എൽ.പി. സ്കൂൾ,
കൊഴുമ്മൽ, കണ്ണൂർ

സി.ജി. ശ്രീകുമാർ
പ്രധാനാധ്യാപകൻ,
ജി.എൽ.പി. സ്കൂൾ,
നെട്ടയം, കൊല്ലം

ശശിധരൻ വി. പി.
പ്രധാനാധ്യാപകൻ,
ജി.എൽ.പി. സ്കൂൾ,
വൾവക്കാട്, കാസറഗോഡ്

സന്തോഷ് വെളിയന്നൂർ
കോട്ടയം

എൻ.ടി. രാജീവ്
ജി.എച്ച്.എസ്.എസ്. തരിയോട്,
വയനാട്

അനൂപ് കെ.പി.
എച്ച്.എസ്.ടി. (ഡ്രോയിംഗ്)
പി.എം.എസ്.എ.പി.ടി.എച്ച്.എസ്.എസ്.
കക്കോവ്, മലപ്പുറം

അക്കാദമിക് കോഡിനേറ്റർ

ഡോ. മീന എസ്.
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി., കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

ഉള്ളടക്കം

6. അലമാരയിലെ കൂട്ടുകാർ 104
7. കൂടിയതും കുറഞ്ഞതും 124
8. നാണയക്കിലുക്കം 136
9. നേരമായി 150
10. പാവ വേണോ...പാവ 164
11. എണ്ണാം അടുക്കിവയ്ക്കാം 185

ഭാരതത്തിന്റെ ഭരണഘടന

ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).





ഞാൻ..

....ക്ലാസിൽ പഠിക്കുന്നു.

എന്റെ അമ്മ :

എന്റെ അച്ഛൻ :

എന്റെ ടീച്ചർ :

എന്റെ വിദ്യാലയം :

ഫോൺ നമ്പർ :

ആധാർ നമ്പർ :

6

അലമാരയിലെ കൂട്ടുകാർ

പിറന്നാൾ സമ്മാനം

10 എണ്ണം വീതമുള്ള 2 കെട്ടുകൾ.

മേശപ്പുറത്ത് ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്?

10 + 10 = ☐

പുസ്തകങ്ങൾ ഒരേ എണ്ണമുള്ള 4 കെട്ടുകൾ ആക്കണം.

ഒരു കെട്ടിൽ എത്ര എണ്ണം വേണം? ☐

അലമാരയിലെ പുസ്തകങ്ങൾ

ആദ്യത്തെ രണ്ടുതട്ടിലും കൂടി ആകെ എത്ര പുസ്തകങ്ങൾ?

10-ഉം 10-ഉം ഇരുപത് 20 പുസ്തകങ്ങൾ.

മൂന്നാം തട്ടിലെ 10 പുസ്തകങ്ങൾ കൂടി ആയാലോ?

20-ഉം 10-ഉം മുപ്പത് 30 പുസ്തകങ്ങൾ

നാലാമത്തെ തട്ടിൽ കൂടി വച്ചപ്പോൾ

30-ഉം 10-ഉം നാല്പത് ☐ പുസ്തകങ്ങൾ.

പത്ത് പുസ്തകങ്ങൾ അഞ്ചാമത്തെ തട്ടിലും വച്ചു.

ഇപ്പോൾ എത്ര പുസ്തകങ്ങൾ?

40 + 10 = ☐ അമ്പത് പുസ്തകങ്ങൾ.

അലമാരയിലെ ആകെ പുസ്തകങ്ങൾ

10 + 10 + 10 + 10 + 10 = ☐

പുസ്തകങ്ങൾ ക്ലാസുകളിലേക്ക്.

ക്ലാസ്സ് ലീഡർമാർ അവരുടെ ക്ലാസുകളിലേക്ക് പുസ്തകമെടുത്തു. ഒരോ കെട്ടിലും 10 പുസ്തകങ്ങൾ. ഓരോ ക്ലാസിലേക്കും എടുത്ത പുസ്തകങ്ങൾ നോക്കൂ.

ക്ലാസ് 1

ഒന്നാം ക്ലാസ്

10 + 10 + 10 = 30

20 + 10 = 30

ക്ലാസ് 2

രണ്ടാം ക്ലാസ്

10 + 10 + 10 + 10 = ☐

20 + ☐ + 10 = 40

☐ + ☐ = 40

ക്ലാസ് 3

മൂന്നാം ക്ലാസ്

☐ + ☐ + ☐ + ☐ + ☐ = 50

20 + 20 + ☐ = 50

40 + ☐ = 50

10 + □ + □ + □ + □

\+ □ + □ + □ = □

നാലാം ക്ലാസ്

50 + □ + □ + □ = 80

60 + □ + □ = 80

□ + 10 = 80

ക്ലാസ് 4

10 + □ + □ + 10 + □ +

□ + □ + □ + □ = □

50 + □ + □ + 10 + □ = 90

□ + □ + □ + □ = 90

അഞ്ചാം ക്ലാസ്

□ + □ + □ = 90

□ + □ = 90

ക്ലാസ് 5

ഏതൊക്കെ ക്ലാസിലെ പുസ്തകങ്ങളുടെ എണ്ണം ചേർന്നാൽ നാലാം ക്ലാസിലെ പുസ്തകങ്ങളുടെ എണ്ണമാകും?

☐ + ☐ = ☐

അഞ്ചാം ക്ലാസിലെ പുസ്തകങ്ങളുടെ എണ്ണമാകാൻ ഏതൊക്കെ ക്ലാസുകളുടെ പുസ്തകങ്ങളുടെ എണ്ണം ചേരണം? എണ്ണം എഴുതൂ.

☐ + ☐ = ☐

ഒന്നാം ക്ലാസിലേതിനേക്കാൾ എത്ര കൂടുതലാണ് നാലാം ക്ലാസിലെ പുസ്തകങ്ങൾ? ☐



ക്ലാസ്	എണ്ണം

പത്തിന്റെ കാഴ്ചകൾ

ഓരോ കൂട്ടത്തിനും നേരെ കൊടുത്തിരിക്കുന്ന എണ്ണം ശരിയെങ്കിൽ ✓ ഉം തെറ്റെങ്കിൽ ✗ ഉം ഇടുക.

	40	☐
	30	☐
	50	☐
	80	☐
	70	☐
	50	☐

നിങ്ങൾ എങ്ങനെയാണ് കണക്കാക്കിയത്?
കൂട്ടുകാരോ?

മാഞ്ചുവട്ടിൽ

സ്കൂൾ വിട്ട് പോകുന്നവഴിയിൽ മാളുവും കൂട്ടുകാരും നാണുച്ചേട്ടന്റെ മാവിൻതോട്ടത്തിൽ കയറി.

മാളു 10 മാങ്ങ മറ്റൊരു കുട്ടയിൽ വച്ചു

ഇപ്പോൾ രണ്ട് കുട്ടയിലും കൂടി എത്ര മാങ്ങയുണ്ട്?

50-ഉം 10-ഉം ☐ മാങ്ങ

ഇഫയും 10 മാങ്ങ കുട്ടയിൽ വച്ചു

ഇപ്പോൾ 60-ഉം 10-ഉം ☐ മാങ്ങ

അരുൺ എടുത്ത 10-ഉം കുട്ടയിൽ വച്ചു

70-ഉം 10-ഉം ☐ മാങ്ങ

ഷെറിൻ 10 മാങ്ങ കൂടി കുട്ടയിലാക്കി

80-ഉം 10-ഉം ☐ മാങ്ങ

ആസിഫ് 10 എണ്ണം കൂടി കുട്ടയിലാക്കി

90-ഉം 10-ഉം = 100 നൂറ് മാങ്ങ

10 കൾ ചേർന്നാൽ.

	10	10	പത്ത്
	10+10		ഇരുപത്
	20+10		മുപ്പത്
	30+........		നാല്പത്
	........+10		അമ്പത്
	50+10		അറുപത്
	60+10		എഴുപത്
	........+10		എൺപത്
	80+10		തൊണ്ണൂറ്
	90+10		നൂറ്

മാങ്ങയെല്ലാം കുട്ടയിലാക്കി. നാണുച്ചേട്ടന് സന്തോഷമായി.

മാല കോർക്കാം.

മാളുവും കൂട്ടുകാരിയും മാല കോർക്കുകയാണ്.
ചുവന്ന മുത്തുകളും മഞ്ഞ മുത്തുകളും ഉണ്ട്.

മുത്തുകൾ കോർക്കാം.

	മഞ്ഞ	ചുവപ്പ്	ആകെ മുത്തുകൾ
	20	1	21 ഇരുപത്തി ഒന്ന്
	20	2	ഇരുപത്തി രണ്ട്

	മഞ്ഞ	ചുവപ്പ്	ആകെ മുത്തുകൾ
	20	☐	ഇരുപത്തി മൂന്ന്
	☐	4	ഇരുപത്തി നാല്
	☐	☐	ഇരുപത്തി അഞ്ച്

മുത്തുകളിലെ സംഖ്യകൾ

വിട്ടുപോയ സംഖ്യകൾ എഴുതൂ.

മുത്തുകൾ കോർത്തശേഷം അവർ ഓമന അമ്മായിയുടെ കടയിലെത്തി. എന്തൊക്കെ സാധനങ്ങളാണുള്ളത്? ഓരോന്നും എത്ര വീതം? എണ്ണം കളങ്ങളിൽ എഴുതൂ.

☐ + ☐ = ☐

30 മിഠായി ആകാൻ ഇനി എത്രയെണ്ണം കൂടി വേണം?

29 -ഉം ☐ -ഉം 30 മിഠായി

ഓരോ കൂട്ടത്തിന്റെയും എണ്ണം എഴുതൂ.

☐ + ☐ = ☐

☐ + ☐ = ☐



☐ + ☐ = ☐



☐ + ☐ = ☐

പൊട്ടുകൾ



ആകെ എത്ര പൊട്ടുകൾ ? ☐

എല്ലാവരും ഒരേ രീതിയിലാണോ കണക്കാക്കിയത്? പറയൂ.

പലനിറം മുത്തുകൾ

മാല കോർക്കാൻ അഞ്ച് പേർക്ക് പല നിറമുള്ള മുത്തുകൾ കൊടുത്തു. ഓരോരുത്തർക്കും എത്ര മുത്തുകൾ വീതം കിട്ടി?

ഇഹ	10	10	10	7			
അരുൺ	10	10	10	5			
ഷെറിൻ	10	10	10	10	10	6	
മാളു	10	10	10	10	10	8	
ആസിഫ്	10	10	10	10	4		

മുത്തുകളുടെ എണ്ണം വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതൂ.

മാളുവും കൂട്ടുകാരും പലനിറത്തിലുള്ള മുത്തുകൾ എണ്ണിയെടുത്തു. ഓരോ നിറവും എത്രയെണ്ണം?

ചുവപ്പ്	50-ഉം 4-ഉം	54
മഞ്ഞ	30-ഉം 5-ഉം	....
പച്ച	60-ഉം 6-ഉം	....
നീല	..............-ഉം ....-ഉം	47
കറുപ്പ്	..............-ഉം 8-ഉം	28

ഏണിയും പാമ്പും

ഏണിയും പാമ്പും കളിക്കണം. അതിനായി 1 മുതൽ 100 വരെയുള്ള സംഖ്യകൾ ക്രമമായി കളങ്ങളിൽ എഴുതൂ. പാമ്പിന്റെയും ഏണിയുടെയും ചിത്രങ്ങൾകൂടി വരയ്ക്കാൻ മറക്കരുത്.



ആദ്യത്തെ ചിത്രത്തിലേതുപോലെ മറ്റ് രണ്ട് ചിത്രങ്ങളിലും വിട്ടുപോയ സംഖ്യകൾ എഴുതുക.

ആദ്യത്തെ ചിത്രത്തിലെപ്പോലെ
മറ്റു മൂന്ന് ചിത്രങ്ങളിലും സംഖ്യകൾ എഴുതുക.



സംഖ്യകൾ ക്രമമായി എഴുതി കളങ്ങൾ പൂർത്തിയാക്കൂ.



			91			
79					74	
						93

കളങ്ങൾ പൂർത്തിയാക്കൂ.

60	50	40			
45	55	65			
35	40	45			

ബൈക്ക് റേസ്

ബൈക്ക് റോഡിന്റെ വശങ്ങളിൽ ചെന്നിടിച്ചാൽ കളി അവസാനിക്കും.

25 ൽ നിന്നാണ് തുടങ്ങുന്നത്. 5 കൂട്ടിക്കിട്ടുന്നതിൽ നിന്നെല്ലാം 10 സ്വർണ്ണ നാണയങ്ങൾ കിട്ടും.

26 ൽ നിന്നാണ് തുടങ്ങുന്നത്. 2 കൂട്ടിക്കിട്ടുന്നതിൽ നിന്നെല്ലാം 5 സ്വർണ്ണ നാണയങ്ങൾ കിട്ടും.

റാസി 57ൽ എത്തിയപ്പോൾ പുറത്തായി. ആകെ എത്ര സ്വർണ്ണനാണയങ്ങൾ കിട്ടി? ഏതൊക്കെ നമ്പറുള്ള കളങ്ങളിൽ നിന്നാണ് നാണയങ്ങൾ കിട്ടിയത്? എഴുതൂ. അവയ്ക്ക് നിറം കൊടുക്കൂ.

ദിയ 47 ൽ എത്തിയപ്പോൾ പുറത്തായി. ആകെ എത്ര സ്വർണ്ണനാണയങ്ങൾ കിട്ടി? ഏതൊക്കെ നമ്പറുള്ള കളങ്ങളിൽ നിന്നാണ് നാണയങ്ങൾ കിട്ടിയത്? എഴുതൂ. അവയ്ക്ക് നിറം കൊടുക്കൂ.

7

കൂടിയതും കുറഞ്ഞതും

ഏത് കമ്പിനാണ് കൂടുതൽ നീളം?
'✓' അടയാളമിടൂ.

ചുവടെയുള്ള ചിത്രങ്ങളിൽ ഓരോന്നിലും നീളം കൂടിയതിന് '✓' അടയാളമിടൂ.



പട്ടം പറത്തുന്നവർ

കുട്ടികൾ പട്ടം പറത്തുന്നത് കണ്ട് അജിനവ് ഓടി വന്നു.

ആരുടെ പട്ടമാണ് കൂടുതൽ ഉയരത്തിൽ ഉള്ളത്?

ഏറ്റവും ഉയരത്തിലുള്ള പട്ടത്തിന്റെ ചരടിലൂടെ ചുവന്ന നിറം കൊണ്ട് വരയ്ക്കൂ.



അമ്മേ! ഈ ചക്ക എനിക്ക് എടുക്കാൻ പറ്റുന്നില്ല.
അത് ഞാൻ എടുത്തോളാം. നീ ഭാരം കുറഞ്ഞത് എടുത്തോ.

ചിത്രങ്ങൾ നോക്കൂ.

ഓരോ വരിയിലെയും ഭാരം കൂടിയതിന് വട്ടം വരയ്ക്കൂ.

 







ആർക്കാണ് ഭാരം കൂടുതൽ
'✓' അടയാളമിടൂ.



ഭാരം കൂടുതൽ കയറ്റിയ തോണി ഏതാണ്?
'✓' അടയാളമിടൂ.





നിറം കൊടുക്കൂ.



കൂടുതൽ ഭാരം ഉയർത്തി നിൽക്കുന്നതാരാണ്?
കളത്തിൽ നിറം കൊടുക്കൂ.

കൂടുതൽ വേണം

ഉയരത്തിലുള്ളൊരു കായ പറിക്കാൻ
നീളം കൂടിയ കമ്പുവേണം

ഉയരത്തിൽ പട്ടം പാറണമെങ്കിൽ
നീളം ചരടിനേറെ വേണം

ഭാരം കൂടിയ വസ്തു ഉയർത്താൻ
കൈകൾക്കേറെ ബലം വേണം

കൂടുതൽ വെള്ളം എടുക്കാൻ പാത്രം
വലിയത് തന്നെയാകേണം

ദാഹമകറ്റാം.

ഏത് ഗ്ലാസിലാണ് കൂടുതൽ നാരങ്ങവെള്ളം ഉള്ളത്?

ചിത്രം നോക്കി പറയൂ.



ചിത്രം കണ്ടല്ലോ. ഓരോന്നിലും എന്തെല്ലാം എടുക്കാം? പറയൂ. എഴുതൂ.

1 ....

2 ....

3 ....

4 ....

5 ....

6 ....

ഇവയിൽ ഏതിലായിരിക്കും
ഏറ്റവും കൂടുതൽ വെള്ളം കൊള്ളുക?
അതിന്റെ ചിത്രം താഴെ വരയ്ക്കൂ.
നിറം കൊടുക്കണേ.

8

നാണയക്കിലുക്കം

നാണയ പ്രദർശനം



അനുവും ജിത്തുവും ഗ്രാമോത്സവം കാണാൻ പോയി. അവർ നാണയ പ്രദർശനം നടക്കുന്ന സ്റ്റാളിലെത്തി.

നിങ്ങൾക്ക് അറിയാവുന്ന നാണയങ്ങൾക്ക് വട്ടമിടൂ.

50 രൂപ നോട്ടിനും 100 രൂപ നോട്ടിനും ഒരേ വലുപ്പമാണോ? ചേർത്തുവച്ച് പരിശോധിക്കൂ. മറ്റ് നോട്ടുകളും ചേർത്തുവച്ചു നോക്കൂ.

അവർ ഐസ്ക്രീം കടയിലെത്തി.

ഓരോ ഐസ്ക്രീം വാങ്ങി. ഒന്നിന് 15 രൂപയാണ്.
അനു മൂന്ന് നോട്ടുകൾ കൊടുത്തു.

എത്ര രൂപയാണ് കൊടുത്തത്? ☐

ജിത്തു രണ്ട് നോട്ടുകളാണ് കൊടുത്തത്.

ഏതൊക്കെ നോട്ടുകൾ കൊടുത്തപ്പോൾ 15 രൂപയായി? ☐ ☐

ആകാ ാട്ട്
ടിക്ക
20 രൂ

അനുവിന്റെ പേഴ്സിലെ നോട്ടുകളാണ് ചുവടെ.

ആകാശത്തൊട്ടിലിൽ കയറാനുള്ള ടിക്കറ്റിന് ഈ തുക തികയുമോ?

ഇനി എത്ര രൂപ കൂടി വേണം? ☐ രൂപ

തികയാതെ വന്നത് ജിത്തു കൊടുത്തു.
ഏതൊക്കെ നാണയങ്ങൾ എത്ര എണ്ണം വീതമാണ് ജിത്തു കൊടുത്തത്? കണക്കാക്കൂ.

ടിക്കറ്റ് കൗണ്ടർ

അവർ നാലുപേരും ആകാശത്തൊട്ടിലിൽ കയറി.

വില കണക്കാക്കാം

വില വിവരപ്പട്ടിക	
സാധനം	വില
ക്രയോൺസ്	5 രൂപ
വാട്ടർകളർ	10 രൂപ
റബ്ബർ	2 രൂപ

ആദിത്യ കടയിൽ നിന്നും ക്രയോൺസും വാട്ടർകളറും റബ്ബറും വാങ്ങി.

മൂന്നിനും കൂടി ആകെ വില ?

ആദിത്യ ഏതൊക്കെ നോട്ടുകളും നാണയങ്ങളുമാണ് കൊടുത്തത്?

മനു ക്രയോൺസും റബ്ബറും വാങ്ങി. ആകെ എത്ര രൂപ കൊടുക്കണം?

ഏതൊക്കെ നാണയങ്ങളും നോട്ടുകളുമാണ് കൊടുത്തത്?

നാണയമാക്കാം.

അനു, ജിത്തു, ആയിഷ, മുരുകൻ, തോമസ് എന്നിവർ നോട്ടുകൾ മാറ്റി നാണയങ്ങൾ എടുത്തു.

ആരൊക്കെയാണ് ശരിയായ രീതിയിൽ നോട്ടുകൾക്കു തുല്യമായ നാണയങ്ങൾ എടുത്തത്? പേര് എഴുതൂ.



കടയിലേക്ക്.

വിലവിവരപ്പട്ടിക	
സാധനം	വില
പെൻസിൽ	5 രൂപ
പേന	10 രൂപ
നോട്ട്ബുക്ക്	20 രൂപ

രൂപേഷും മകനും കൂടി കടയിലെത്തി.
പെൻസിലും പേനയും വാങ്ങി.
ആകെ എത്ര രൂപ കൊടുക്കണം? ☐

ഒരു പെൻസിലിന്റെ വില ☐ രൂപ

ഒരു പേനയുടെ വില ☐ രൂപ

ഒരു പെൻസിലിനും ഒരു പേനയ്ക്കും കൂടിയുള്ള വില ☐ രൂപ

രണ്ട് പെൻസിലിനും ഒരു പേനയ്ക്കും കൂടിയുള്ള വില ☐ രൂപ

എങ്ങനെ കണക്കാക്കി, പറയൂ ☐

നാണയങ്ങളെ നോട്ടുകളാക്കാം.

ഓരോ കൂട്ടം നാണയങ്ങൾക്കും തുല്യമായ നോട്ടുകൾ ഏതെന്നു കണ്ടെത്തൂ. അവ ചേർത്തു വരയ്ക്കൂ.



നാണയങ്ങൾ കൂട്ടാം.

മേരിയുടെ കൈയിൽ രൂപയുണ്ട്

പതിനഞ്ച് രൂപ ആകാൻ ഏതൊക്കെ നാണയങ്ങൾ കൂടി വേണം?

ഏതൊക്കെ നാണയങ്ങൾ എടുത്താൽ 20 രൂപയാക്കാം? പല രീതികൾ പറയാമോ?

എത്ര നാണയങ്ങൾ?


10 രൂപ


6 രൂപ

7 രൂപ

എന്റെ
കൈയിലുള്ള
നാണയം 2 എണ്ണം
കൊടുത്താൽ
വള വാങ്ങാം.

ഏതു നാണയം?

☐

പീപ്പി വാങ്ങാൻ
എന്റെ കൈയിൽ
ഉള്ള നാണയം 3
എണ്ണം വേണം.



ഏതു നാണയം?

☐

എന്റെ കൈയിൽ
2 നാണയം
ഉണ്ട്. അതു
കൊടുത്താൽ
മാല വാങ്ങാം.

ഏതൊക്കെ
നാണയങ്ങൾ?

☐ ☐

സ്നേഹക്കുടുക്ക

ക്ലാസ്മുറിയിലെ സ്നേഹക്കുടുക്ക തുറന്നു.
ജിത്തു നാണയങ്ങൾ തരം തിരിച്ചു.

ആകെ എത്ര രൂപ?	എണ്ണം	രൂപ
1 രൂപ നാണയങ്ങൾ	8	
2 രൂപ നാണയങ്ങൾ	10	
5 രൂപ നാണയങ്ങൾ	4	
10 രൂപ നാണയങ്ങൾ	5	

നാണയങ്ങളെ 10 രൂപയുടെ കൂട്ടങ്ങളാക്കി വച്ചു.
ബാക്കിയുള്ളവ ഒരു കൂട്ടമായും.

എത്ര കൂട്ടം? ☐ എത്ര രൂപ? ☐

ബാക്കിയുള്ളത് എത്ര രൂപ? ☐

എങ്ങനെ കണക്കാക്കി? പറയൂ.

9

നേരമായി

മിയയുടെ ഡയറി

എന്റെ ഒരു ദിവസം

രാവിലെ അമ്മ
വിളിച്ചുണർത്തി.

എഴുന്നേറ്റ് പല്ലുതേച്ചു.

കുളിക്കാൻ കൂടുതൽ
സമയമെടുത്തു.



അച്ഛൻ ദോശയും
ചമ്മന്തിയും തന്നു.

സ്കൂൾ വാനിൽ പോയതിനാൽ
വേഗം സ്കൂളിലെത്തി.

ഉച്ചവരെ
രേണുക ടീച്ചറോടൊപ്പം.

ഉച്ചയ്ക്ക് സ്കൂളിൽ നിന്ന്
ഊണിനൊപ്പം
എനിക്ക് ഇഷ്ടമുള്ള
കൂട്ടുകറി കിട്ടി. നല്ല
രുചിയുണ്ടായിരുന്നു.

ഉച്ചയ്ക്കുശേഷം
ഗണിത പുസ്തകത്തിൽ
ചിത്രം വരച്ചു.



വൈകുന്നേരം കൂട്ടുകാരോടൊപ്പം
ക്രിക്കറ്റ് കളിച്ചു.

രാത്രി ചപ്പാത്തിയാണ്
കഴിച്ചത്.

“മോളേ, 9 മണിയായി. ഇനി ഉറങ്ങാം.”
അമ്മ പറഞ്ഞു.

ചിത്രങ്ങൾ നോക്കി ഡയറി എഴുതാം.

മിയ എന്തൊക്കെ കണ്ടു?

എവിടെയൊക്കെ പോയി?

എന്തെല്ലാം ചെയ്തു?





എന്റെ ഡയറി

നിങ്ങൾ ഞായറാഴ്ച എവിടെയൊക്കെ പോയി? എന്തൊക്കെ ചെയ്തു? അവയെല്ലാം ചേർത്ത് ഡയറി എഴുതൂ. ചിത്രങ്ങളും വരയ്ക്കൂ.

ആഴ്ചപ്പൂരം

ആഴ്ചകളേഴും കൂടി കൊടകര
പൂരം കാണാൻ ചെന്നെത്തി

ഞായർ ഗമയിൽ നടന്നു മുന്നിൽ
പിറകെക്കൂടി മറ്റുള്ളോർ

തിങ്കൾ വാങ്ങി ചാന്തുംപൊട്ടും
ചൊവ്വ കറക്കി കളിപ്പാട്ടം

ബുധനും വ്യാഴവും ചുറ്റിനടന്നു
കടല കൊറിച്ചു രസിക്കുന്നു

വെള്ളി തിരഞ്ഞു പലഹാരം
ശനിക്കുവേണ്ടത് മണിമാല

ചുറ്റിയടിച്ചു നടക്കുന്നേരം
ചടപട ചടപട വെടിപൊട്ടി

പേടിച്ചോടി ആഴ്ചകളേഴും
ചുവരിൽ കയറിയിരിപ്പായി.

-പി.ടി. മണികണ്ഠൻ പന്തലൂർ



കലണ്ടർ നോക്കൂ.
ദിവസങ്ങൾ പറയൂ. എഴുതൂ.

January			ജനുവരി			2025
ഞായർ SUNDAY	തിങ്കൾ MONDAY	ചൊവ്വ TUESDAY	ബുധൻ WEDNESDAY	വ്യാഴം THURSDAY	വെള്ളി FRIDAY	ശനി SATURDAY
★	★	★	1 17	2 മന്നം ജയന്തി 18	3 19	4 20
5 21	6 22	7 23	8 24	9 25	10 26	11 രണ്ടാം ശനി 27
12 28	13 29	14 1	15 2	16 3	17 4	18 5
19 6	20 7	21 8	22 9	23 10	24 11	25 12
26 റിപ്പബ്ലിക്ദിനം 13	27 14	28 15	29 16	30 17	31 18	★

2025 ജനുവരി മാസത്തിൽ എത്ര അവധി ദിവസങ്ങളുണ്ട്? ☐

പുതുവർഷം തുടങ്ങുന്നത് ഏതു തീയതി, ഏതു ദിവസം?

☐ ☐

ശുചിത്വവിദ്യാലയം

ഞായറാഴ്ച വിദ്യാലയത്തിൽ രക്ഷിതാക്കളുടെ യോഗം നടന്നു. ശുചിത്വസേനയുടെ ഉദ്ഘാടനം നടന്നത് **തിങ്കളാഴ്ച**യാണ്. വാർഡ് മെമ്പർ വന്നിരുന്നു. **ചൊവ്വാഴ്ച** ഓലക്കുട്ടകൾ ഉണ്ടാക്കി. കുഴിയുണ്ടാക്കിയത്

ബുധനാഴ്ച ആണ്. **വ്യാഴാഴ്ച** പോസ്റ്റർ പ്രചരണം നടത്തി. **വെള്ളിയാഴ്ച** രക്ഷിതാക്കൾ വന്ന് വിദ്യാലയവും പരിസരവും വൃത്തിയാക്കി. **ശനിയാഴ്ച** പഞ്ചായത്ത് പ്രസിഡന്റ് വന്നു ശുചിത്വ വിദ്യാലയമായി പ്രഖ്യാപിച്ചു.

എന്റെ അനുഭവം (ഒരാഴ്ച)

നിങ്ങളുടെ ഓരോ ദിവസത്തെയും ഒരു ഇഷ്ടപ്പെട്ട കാര്യം കളത്തിൽ എഴുതൂ.

ഞായർ	
തിങ്കൾ	
ചൊവ്വ	
ബുധൻ	
വ്യാഴം	
വെള്ളി	
ശനി	

കലണ്ടർ നോക്കി പൂർത്തിയാക്കൂ.

	1 ജനുവരി	പുതുവർഷം തുടങ്ങുന്നു
	2 ഫെബ്രുവരി	
	3	
	4	വേനൽ അവധി
	5	
സ്കൂൾ തുറക്കുന്നു	6	
	7	
സ്വാതന്ത്ര്യദിനം	8	
	9	
	10	
ശിശുദിനം	11	
ക്രിസ്തുമസ്	12 ഡിസംബർ	

സ്കൂൾ വേനലവധിക്കാലം ഏതെല്ലാം മാസങ്ങളിലാണ്?

നിങ്ങളുടെ പിറന്നാൾ ഏതു മാസത്തിലാണ്?

ആ മാസത്തിന് നീലനിറം കൊടുക്കൂ.

വർഷത്തിലെ അവസാനമാസം ഏതാണ്?

ഏതേതു മാസം?

	പുതുവർഷാരംഭം	
	റിപ്പബ്ലിക് ദിനം	
	ശിശുദിനം	
	ഗാന്ധിജയന്തി	
	സ്വാതന്ത്ര്യദിനം	
	അധ്യാപകദിനം	സെപ്റ്റംബർ

കാലങ്ങൾ

വേനൽക്കാലം

വസന്തകാലം

മഴക്കാലം

ശീതകാലം

ഓരോ കാലത്തിനും അനുയോജ്യമായ ചിത്രങ്ങൾ യോജിപ്പിച്ച് വരയ്ക്കൂ.

	വസന്തകാലം
	വേനൽക്കാലം
	മഴക്കാലം
	ശീതകാലം

10

പാവ വേണോ...പാവ

പാവക്കച്ചവടം കഴിഞ്ഞ് സെബിയും ജോജിയും വീട്ടിലേക്ക് മടങ്ങി.

എത്ര പാവകളാണ് വിൽക്കാനായി കൊണ്ടുപോയത് ? ☐

എങ്ങനെ കണക്കാക്കി ? പറയൂ.

അവർ 2 ദിവസവും ഉണ്ടാക്കിയ പാവകൾ നോക്കൂ.

ഒന്നാം ദിവസം സെബി 12, ജോജി 6

ആകെ എത്ര പാവകൾ ഉണ്ടാക്കി ?

$$12 + 6 = 10 + 2 + 6$$
$$= 10 + 8$$
$$= 18$$

രണ്ടാം ദിവസം സെബി 7, ജോജി 11

ആകെ എത്ര പാവകൾ ?

$$7 + 11 = 7 + 10 + 1$$
$$= 10 + 8$$
$$= 18$$

രണ്ട് ദിവസവും കൂടി സെബി
എത്ര പാവകൾ ഉണ്ടാക്കി?

12 + 7 = ... + ... + ...

= .... + ...

= ....

രണ്ട് ദിവസവും കൂടി ജോജി
എത്ര പാവകൾ ഉണ്ടാക്കി?

6 + 11 = ... + ... + ...

= .... + ...

= ....

ബാക്കിയുള്ളത്

സെബി ഉണ്ടാക്കിയ പാവകളിൽ 6 എണ്ണം വിറ്റു. അതിൽ 2 എണ്ണം ആതിരയും 4 എണ്ണം തോമസുമാണ് വാങ്ങിയത്. ബാക്കി എത്ര പാവകൾ?

സെബി ഉണ്ടാക്കിയത്	12
വിറ്റത്	6
ബാക്കിയുള്ള പാവകൾ	12 - 6
ആദ്യം ആതിര വാങ്ങിയത് കുറയ്ക്കാം	12 - 2 = 10
ഇനി തോമസ് വാങ്ങിയത് കുറയ്ക്കാം	10 - 4 = 6

ഇപ്പോൾ 12 ൽ നിന്ന് 6 കുറച്ചല്ലോ

ഞാൻ
കണക്കാക്കിയത്
6 നോട് 6 കൂട്ടിയാൽ
12 കിട്ടും
12 - 6 = 6

ജോജി ഉണ്ടാക്കിയ 11 പാവകളിൽ 7 എണ്ണമാണ് വിറ്റത്. ബാക്കി എത്ര പാവകൾ?

ജോജി ഉണ്ടാക്കിയത്	11
ബാക്കിയുള്ള പാവകൾ	11 - 7
ആദ്യം 1 എണ്ണം വിറ്റു	11 - 1 = 10
പിന്നീട് 6 എണ്ണം വിറ്റു	10 - 6 = 4

ഞാൻ
കണക്കാക്കിയത്
7 നോട് 4 കൂട്ടിയാൽ
11 കിട്ടും
11 - 7 = 4

വിറ്റുകഴിഞ്ഞപ്പോൾ.

സെബി ഉണ്ടാക്കിയ 19 പാവകളിൽ 14 പാവകളും ജോജി ഉണ്ടാക്കിയ 17 പാവകളിൽ 15 എണ്ണവും വിറ്റു. ഇനി ഓരോരുത്തരുടെയും കൈയിൽ എത്ര പാവകൾ ബാക്കിയുണ്ട്?

സെബി ഉണ്ടാക്കിയത് ☐

വിറ്റത് ☐

ബാക്കിയുള്ളത് ☐ - ☐ = ☐

ജോജി ഉണ്ടാക്കിയത് ☐

വിറ്റത് ☐

ബാക്കിയുള്ളത് ☐ - ☐ = ☐

രണ്ട് പേരുടെയും കൂടി എത്ര പാവകൾ ബാക്കിയുണ്ട്? ☐

പാവകളുടെ എണ്ണം

സെബിയും ജോജിയും ഉണ്ടാക്കിയ പാവകളുടെ എണ്ണം കണ്ടല്ലോ?

സെബി

ഒന്നാം ദിവസം - 12
രണ്ടാം ദിവസം - 7

ജോജി

ഒന്നാം ദിവസം - 6
രണ്ടാം ദിവസം - 11

ശരിയായതിന് ✓ ഇടുക.

തെറ്റായതിന് ✗ ഇടുക

ഒന്നാം ദിവസം ജോജി സെബിയെക്കാൾ 6 പാവകൾ കൂടുതൽ ഉണ്ടാക്കി. ☐

രണ്ട് ദിവസവും കൂടി ജോജി ഉണ്ടാക്കിയ പാവകളുടെ എണ്ണം ഇരുപതിനേക്കാൾ മൂന്ന് കുറവാണ്. ☐

രണ്ട് ദിവസവും കൂടി കൂടുതൽ പാവകൾ ഉണ്ടാക്കിയത് ജോജി ആണ്. ☐

സെബി ഒന്നാം ദിവസം ഉണ്ടാക്കിയ പാവകളുടെ എണ്ണം രണ്ടാം ദിവസത്തെക്കാൾ കുറവാണ്. ☐

സെബിയും ജോജിയും ആകെ ഉണ്ടാക്കിയ പാവകളുടെ എണ്ണം തുല്യമാണ്. ☐

ഉടുപ്പുണ്ടാക്കാം.

സെബിയും ജോജിയും ഉണ്ടാക്കിയ ഉടുപ്പുകൾ കണ്ടില്ലേ? ഇടതുവശത്തുള്ള പോലെ വലതുവശത്ത് ചിത്രങ്ങൾ വരച്ച് ഉടുപ്പ് ഭംഗിയാക്കൂ. നിറം കൊടുക്കണേ.

നിറമുള്ള കടലാസുകൾ കൊണ്ട് ഉടുപ്പുണ്ടാക്കി ഒട്ടിക്കൂ.

വില എഴുതാം.

ഏറ്റവും കൂടിയ വില എത്രയാണ്?

വിലകളെ എറ്റവും കുറഞ്ഞതിൽ നിന്ന് ഏറ്റവും കൂടിയതിലേക്ക് ക്രമത്തിൽ എഴുതൂ.

☐ ☐ ☐ ☐ ☐ ☐ ☐

സോനുവിന്റെ കൈയിൽ ഒരു 50 രൂപ നോട്ടും ഒരു 10 രൂപ നോട്ടും ഉണ്ട്. സോനുവിന് ഏതൊക്കെ വിലയുള്ളത് വാങ്ങാൻ കഴിയും?

☐

എങ്ങനെ കണക്കാക്കി? പറയൂ.

സോനുവിന് രണ്ട് പാവകൾ വാങ്ങാൻ കഴിയുമോ?

പെട്ടികൾ അടുക്കിവയ്ക്കാം.

പാവകൾ നിറച്ച പെട്ടികൾ രണ്ട് കൂട്ടമായി അടുക്കി വച്ചിരിക്കുന്നത് നോക്കൂ.

ആകെ പെട്ടികൾ ?   ☐ + ☐ = ☐

മറ്റൊരു രീതിയിൽ അടുക്കിയത് നോക്കൂ.

ഇതേപോലെ മറ്റ് ഏതൊക്കെ രീതിയിൽ അടുക്കിവയ്ക്കാം ?

10 + 8



12 + 6

രണ്ട് സൂചിയും
ഒരു നൂലും
വാങ്ങുന്നതിനാണോ,
ഒരു സൂചിയും രണ്ട് നൂലും
വാങ്ങുന്നതിനാണോ
കൂടുതൽ പൈസ വേണ്ടത്?

വില ക്രമത്തിലെഴുതാം.



ഏറ്റവും കൂടിയ വില എത്രയാണ്? ☐

ഏറ്റവും കുറഞ്ഞതോ? ☐

പാവകളുടെ വില വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമമായി എഴുതൂ. ☐

ക്ലോക്ക് നോക്കൂ.

ഒഴിഞ്ഞ കളങ്ങളിൽ സംഖ്യകൾ എഴുതൂ.



പാവകൾ എത്രയെണ്ണം?

മുത്തശ്ശനും മുത്തശ്ശിയും അമ്മയും ഞായറാഴ്ച കുറെ പാവകൾ ഉണ്ടാക്കി. ഓരോരുത്തരും ഉണ്ടാക്കിയ എണ്ണം നോക്കൂ. | മുത്തശ്ശൻ 4 | മുത്തശ്ശി 8 | അമ്മ 6 |

മൂന്ന് പേരും കൂടി
എത്രയെണ്ണം ഉണ്ടാക്കി?

4 + 8 + 6

4 +8 = 4 + 6 +2
= 10 + 2
= 12 പാവ

12 + 6 = 10 + 2 + 6
= 10 + 8
= 18 പാവ

ഉണ്ടാക്കിയ പാവകളിൽ 3 എണ്ണം തിങ്കളാഴ്ചയും
4 എണ്ണം ചൊവ്വാഴ്ചയും വിറ്റു.
ഇനി എത്രയെണ്ണം ബാക്കിയുണ്ട്?



ഉണ്ടാക്കിയത് 18 പാവകൾ
തിങ്കളാഴ്ച വിറ്റത് 3 എണ്ണം
ബാക്കി 18 - 3
= 10 + 8 - 3
= 10 + 5
= 15 പാവ

ചൊവ്വാഴ്ച വിറ്റത് 4 എണ്ണം
ബാക്കി 15 - 4
= 10 + 5 - 4
= 10 + 1
= 11 പാവ

സമ്മാനം ആർക്ക്?

പെട്ടിയിലെ സമ്മാനം വേണോ?

ചുവടെ കൊടുത്തവ വായിച്ച് സമ്മാനത്തിന്റെ നമ്പർ കണ്ടുപിടിക്കണം.

- ആ സംഖ്യ 6നും 19നും ഇടയിലാണ്.

  ഏതൊക്കായാവാം കളത്തിലെഴുതൂ.

- അതൊരു രണ്ടക്ക സംഖ്യയാണ്. ഒഴിവാക്കേണ്ടവ വെട്ടിക്കളയൂ.

- 15 നും 19 നും ഇടയിലാണ്. (മറ്റുള്ളവ ഒഴിവാക്കൂ) അപ്പോൾ ഏതൊക്കെയാവാം?

- ബാക്കി വന്നവയിൽ ഏറ്റവും വലിയ സംഖ്യ ഒഴിവാക്കിയാൽ മറ്റുള്ളവ ഏതൊക്കെ?

- അവയിൽ ഏറ്റവും ചെറിയ സംഖ്യയുമല്ല.

ഇനിയുള്ള സംഖ്യയാണ് സമ്മാനത്തിന്റെ നമ്പർ.

ആ നമ്പർ ഏതാണ്?

കാർഡുകളി

രണ്ടോ മൂന്നോ നാലോ കാർഡുകൾ തിരഞ്ഞെടുക്കാം.
അവയിലെ സംഖ്യകളുടെ തുക 20 കിട്ടണം.
20 കിട്ടിയാൽ പാവ സമ്മാനം.

12	5	1	16	13	18	7	16	5	13	6
4	6	14	18	7	3	14	1	3	18	2
8	1	2	6	4	1	16	13	8	5	14



ഞാൻ എടുത്ത കാർഡുകൾ.

$\square + \square = 20$

$\square + \square + \square + \square = 20$

$\square + \square + \square = 20$

അരവിന്ദിന് 3 കാർഡിൽ നിന്ന് 20 കിട്ടി.

അരവിന്ദ് എടുത്ത കാർഡുകൾ.

[ ]

ലൈലയ്ക്ക് 4 കാർഡിൽ നിന്ന് 12 കിട്ടി.

ലൈല എടുത്ത കാർഡുകൾ.

[ ]

സോനു 2 കാർഡുകൾ എടുത്തു തുക 17 കിട്ടി.

ഏതൊക്കെ കാർഡുകൾ ആകാം?

[ ] + [ ] = [ ]

3 കാർഡുകളിൽ നിന്ന് 15 കിട്ടാൻ
ഏതൊക്കെ കാർഡുകൾ എടുക്കണം?

[ ] + [ ] + [ ] = [ ]

വിനിത ചുവടെയുള്ള 3 കാർഡുകൾ എടുത്തു.
ഇനി ഏത് കാർഡ് കിട്ടിയാലാണ് സമ്മാനം കിട്ടുക?

13 + 4 + 1 + [ ] = 20

നാരങ്ങവെള്ളം

നാരങ്ങവെള്ളം

വലിയ ഗ്ലാസ് - **10** രൂപ

ചെറിയ ഗ്ലാസ് - **5** രൂപ

രണ്ട് കുട്ടികൾ രണ്ട് ചെറിയ ഗ്ലാസിലും
ചേച്ചി വലിയ ഗ്ലാസിലും നാരങ്ങവെള്ളം കുടിച്ചു.
ആകെ എത്ര രൂപ കൊടുക്കണം?

ഒരു വലിയ ഗ്ലാസ് നാരങ്ങവെള്ളത്തിന്റെ വില ☐

2 ചെറിയ ഗ്ലാസ് നാരങ്ങവെള്ളത്തിന്റെ വില ☐

ആകെ നാരങ്ങവെള്ളത്തിന്റെ വില? ☐

ഞാൻ കണ്ടുപിടിച്ചത്.

ഓറഞ്ചിന് എന്തു വില?



ഓറഞ്ച് ഒന്നിന് 9 രൂപ.

2 ഓറഞ്ച് വാങ്ങിയാൽ
എത്ര രൂപ കൊടുക്കണം? ☐

രണ്ട് 10 രൂപ നാണയങ്ങൾ കൊടുത്താൽ
ബാക്കി എത്ര രൂപ കിട്ടും? ☐

സംസാരിക്കുന്ന പാവ



ആൻസ് ടോക്ക്...

ചോദിക്കൂ
ഉത്തരം പറയാം

പാവ പറഞ്ഞത് എന്തായിരിക്കും? എഴുതൂ.

2, 4, 6, 8, 10, 12, ...
അടുത്ത സംഖ്യ ഏതാണ്? ☐

ഏറ്റവും വലിയ ഒരക്കസംഖ്യ ഏതാണ്? ☐

15 നും 17 നും ഇടയിലുള്ള സംഖ്യ ഏതാണ്? ☐

6-ഉം 7-ഉം കൂട്ടിയാൽ എത്ര കിട്ടും ?

18 നേക്കാൾ രണ്ട് കൂടിയ സംഖ്യ ഏതാണ് ?

89 നേക്കാൾ ഒന്ന് കൂടിയ സംഖ്യ ഏതാണ് ?

45 ൽ നിന്ന് 15 കുറഞ്ഞ സംഖ്യ ഏതാണ് ?

59 ൽ നിന്നും 10 കുറഞ്ഞ സംഖ്യ ഏതാണ് ?

50-ഉം 30-ഉം കൂട്ടിയതിനേക്കാൾ 19
കൂടിയ സംഖ്യ ഏതാണ് ?

ഇനി എന്റെ ചോദ്യങ്ങൾ.

കൂട്ടുകൂടാം...പാട്ടുപാടാം.

ഒരു പാട്ടുപാടൂ ആൻസേ...

പൂന്തോട്ടത്തിൽ തേൻനുകരാനായ്
വണ്ടുകളെത്തി പത്തെണ്ണം
രണ്ടെണ്ണം പോയ് പിറകേ നാലും
ബാക്കിയതെത്ര പറയാമോ?

ഇനി എന്റെ ചോദ്യങ്ങൾ.

സംഖ്യാ മാജിക്

1 കുട്ടയിൽ 17 പൂക്കൾ. 3 എണ്ണം ജാൻവി എടുത്തു.

ഇപ്പോൾ എത്ര പൂക്കൾ ഉണ്ട്? ☐

ലിസി 4 എണ്ണം പുതുതായി കുട്ടയിൽ വച്ചു.

ഇപ്പോൾ കുട്ടയിൽ എത്ര പൂക്കൾ ഉണ്ട്? ☐

രാജ് ഒരെണ്ണം കുട്ടയിൽ നിന്നെടുത്തു.

ഇപ്പോൾ കുട്ടയിൽ എത്ര പൂക്കൾ ഉണ്ട്? ☐

മാങ്ങാ കണക്ക്

ഒരു സഞ്ചിയിൽ 15 മാങ്ങയുണ്ട്.
3 എണ്ണം സുഹറ എടുത്തു.
രണ്ടെണ്ണം ലിസി എടുത്തു.
ഇനി സഞ്ചിയിൽ എത്ര മാങ്ങകൾ? ☐

എങ്ങനെയാണ് കണ്ടുപിടിക്കുക?

ഞാൻ കണക്കാക്കിയത്.

ചങ്ങാതി കണക്കാക്കിയത്.

11

എണ്ണാം അടുക്കിവയ്ക്കാം



എണ്ണി എഴുതൂ.

അൻവിതും കൂട്ടുകാരും ചില സാധനങ്ങൾ നിരത്തിവച്ചിരിക്കുന്ന ചിത്രം നോക്കൂ.

പെൻസിൽ	
റബ്ബർ	
സ്കെയിൽ	
കട്ടർ	

ഓരോന്നിന്റെയും എണ്ണം കളത്തിൽ എഴുതൂ.



ഉത്തരം എഴുതൂ.

എണ്ണം കുറഞ്ഞതേതാണ് ?

എണ്ണം കൂടുതൽ ഏതാണ് ?

കട്ടറിനെക്കാൾ എത്ര എണ്ണം കൂടുതൽ ആണ് പെൻസിലിന്റെ എണ്ണം ?

സ്കെയിലിനെക്കാൾ എത്ര എണ്ണം കുറവാണ് റബ്ബറിന്റെ എണ്ണം ?

അൻവിതിന്റെ സ്കൂളിൽ ഒരു യോഗം നടക്കുകയാണ്. പുറത്തു നിർത്തിയിട്ട വാഹനങ്ങൾ അവർ എണ്ണി നോക്കി.

ചിത്രം നോക്കി വാഹനങ്ങളുടെ എണ്ണം എഴുതൂ.

കാർ ☐

ഓട്ടോ ☐

മുച്ചക്രസൈക്കിൾ ☐

സൈക്കിൾ ☐

സ്കൂട്ടർ ☐

ബസ് ☐

കൂടുതൽ എണ്ണമുള്ള വാഹനം ഏതാണ് ?

☐

കുറവ് ഏതാണ് ?

☐

ചിത്രത്തിൽ എത്ര വാഹനങ്ങൾ ഉണ്ട് ?

☐

അൻവിതും കൂട്ടുകാരും പ്രീ-പ്രൈമറി ക്ലാസിൽ പോയി. അലമാരയിലെ കളിപ്പാട്ടങ്ങൾ നോക്കി.

കളിപ്പാട്ടങ്ങളുടെ എണ്ണം എഴുതൂ.

കാർ	പന്ത്	ബാറ്റ്	കരടി	പൂവ്

താഴെപ്പറയുന്നവ ശരിയാണെങ്കിൽ (✓)
തെറ്റാണെങ്കിൽ (✕) ഇടുക

1. പന്തിനെക്കാൾ കൂടുതലാണ് ബാറ്റ്
2. കരടിയെക്കാൾ കുറവാണ് പൂവ്
3. കാറിന്റെയും കരടിയുടെയും എണ്ണം തുല്യമാണ്
4. ഒരേ എണ്ണമുള്ള കളിപ്പാട്ടങ്ങൾ ഇല്ല

സ്റ്റേജ്



ചിത്രത്തിൽ കാണുന്ന രൂപങ്ങൾക്ക് നിറം കൊടുക്കൂ.
ഒരേപോലുള്ള രൂപത്തിന് ഒരേനിറം.

എണ്ണിയെഴുതുക.

△	⌂	○	▭

പൂക്കൾ നോക്കൂ, എണ്ണം എഴുതൂ.

അൻവിതിന്റെ ക്ലാസ് മുറിയിലെ ജനാലയ്ക്കു ചുറ്റും വരച്ചിട്ടുള്ള ചിത്രം നോക്കൂ. എണ്ണം എഴുതൂ.

പൂവ്	എണ്ണം
ചുവപ്പ്	
നീല	
മഞ്ഞ	
വയലറ്റ്	

അഞ്ച് ഇതളുള്ള പൂക്കൾ എത്ര എണ്ണം ?

ഏത് നിറത്തിലുള്ള പൂവാണ് കൂടുതൽ ?

തുല്യ എണ്ണം വരുന്ന പൂവുകളുടെ നിറം ഏതൊക്കെ ?

ചിത്രത്തിൽ എത്ര പൂക്കളുണ്ട്?

ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

ബന്ധപ്പെടേണ്ട വിലാസം:

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***